2026
July
27
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## റഷ്യയിൽ കടുത്ത പ്രതിസന്ധി; ഇന്ത്യയിൽ നിന്ന് എണ്ണ ഇറക്കുമതി കൂട്ടി

**ന്യൂദൽഹി:** ലോകത്തെ ഏറ്റവും വലിയ എണ്ണ ഉൽപാദക രാജ്യമായ റഷ്യയിൽ അസാധാരണ പ്രതിസന്ധി. ഇപ്പോൾ ഇന്ത്യയിൽ നിന്ന് പെട്രോളിയം ഉൽപന്നങ്ങൾ വാങ്ങി ദിവസങ്ങൾ തള്ളിനീക്കേണ്ട സ്ഥിതിയിലായി റഷ്യ. പുട്ടിൻ ഭരണകൂടത്തിന് മുന്നിലാകട്ടെ മറ്റു വഴികളുമില്ല.

റഷ്യൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് നോക്കി ആക്രമിക്കുകയാണ് ഇപ്പോൾ യുക്രെയ്ൻ ചെയ്യുന്നത്. റഷ്യയുടെ കയറ്റുമതി വരുമാനത്തിൽ നിർണായകമായ റിഫൈനറികളെ തിരഞ്ഞുപിടിച്ചുള്ള ഡ്രോൺ, മിസൈൽ ആക്രമണതന്ത്രം. ഇതിനകം റഷ്യയുടെ റിഫൈനിങ് ശേഷിയുടെ 40% യുക്രെയ്ന്റെ ആക്രമണത്തിലൂടെ നഷ്ടപ്പെട്ടെന്നാണ് വിലയിരുത്തൽ. ഇതാണ് റഷ്യയെ പ്രതിസന്ധിയിലേക്ക് തള്ളിയതും.



റഷ്യയുക്രെയ്ൻ യുദ്ധാനന്തരവും ഹോർമുസ് കടലിടുക്കിലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ഇന്ത്യയിലേക്ക് ഏറ്റവുമധികം ക്രൂഡോയിൽ കയറ്റുമതി ചെയ്ത രാജ്യമാണ് റഷ്യ. എന്നാൽ, അതേ ക്രൂഡോയിൽ സംസ്കരിച്ച് പെട്രോളും ഡീസലുമാക്കി ഇപ്പോൾ ഇന്ത്യ റഷ്യയിലേക്ക് തിരികെ കയറ്റുമതി ചെയ്യുകയാണ്. 60,000 മെട്രിക് ടൺ പെട്രോളാണ് ഗുജറാത്തിലെ നയാര എനർജി റിഫൈനറിയിൽ നിന്ന് റഷ്യയിലേക്ക് കയറ്റുമതി ചെയ്തത്. നേരിട്ട് കയറ്റുമതി ചെയ്യുന്നതിന് പകരം രാജ്യാന്തര കമ്മോഡിറ്റി ട്രേഡർമാർ വഴിയാണ് റഷ്യയിലേക്ക് കയറ്റുമതി.

റഷ്യയിലേക്ക് നേരിട്ട് ഇന്ത്യ ഇന്ധനം കയറ്റുമതി ചെയ്യുന്നില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. റഷ്യയിലെ റിഫൈനറികൾ, പെട്രോൾ ശേഖരണ കേന്ദ്രങ്ങൾ, പെട്രോകെമിക്കൽ കോംപ്ലക്സുകൾ എന്നിവയിൽ യുക്രെയ്ന്റെ ആക്രമണത്തിൽ വലിയ നാശനഷ്ടമുണ്ടായിട്ടുണ്ട്. പടിഞ്ഞാറൻ റഷ്യയിലെ ഗ്യാസ്പ്രോം നാഫ്തെഖിം റിഫൈനറിയാണ് ഏറ്റവുമൊടുവിൽ ആക്രമണത്തിന് ഇരയായത്. പ്രതിവർഷം 70 ലക്ഷം ടൺ ക്രൂഡോയിൽ സംസ്കരിക്കുന്ന റിഫൈനറിയാണിത്. പെട്രോൾ, !ഡീസൽ, മണ്ണെണ്ണ, അമോണിയ, യൂറിയ തുടങ്ങിയവ ഇവിടെ ഉൽപാദിപ്പിച്ചിരുന്നു.

പ്രതിസന്ധി കനത്തതിനിടെ തുടർന്ന് റഷ്യയിൽ 55 പ്രവിശ്യകളിലെങ്കിലും പെട്രോളും ഡീസലും ഇപ്പോൾ ഉപഭോക്താക്കൾക്ക് റേഷൻ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. അതായത്, നിശ്ചിത അളവിൽ കൂടുതൽ ഇന്ധനം ആർക്കും നൽകില്ല. വിലയാകട്ടെ കൂടിയിട്ടുണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. റഷ്യയിൽ നിന്നുള്ള പെട്രോൾ, ഡീസൽ, വിമാന ഇന്ധന കയറ്റുമതിക്ക് പുട്ടിൻ ഭരണകൂടം വിലക്കുമേർപ്പെടുത്തി. എണ്ണക്കമ്പനികളോട് താഴ്ന്ന ഗ്രേഡ് ഇന്ധനം ഉൽപാദിപ്പിച്ച് പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## സുഗന്ധവ്യഞ്ജന സംരംഭം: കൈകോർത്ത് സ്പൈസസ് ബോർഡും അഗ്വൈഞ്ചറും

**കൊച്ചി:** സുഗന്ധവ്യഞ്ജന മേഖലയിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാനായി സ്പൈസസ് ബോർഡും ഐസിഎആർ– ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനമാസ്ഥാനമായ അഗ്വൈഞ്ചർ ടെക്നോളജി ബിസിനസ് ഇൻകുബേറ്ററും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. സ്പൈസസ് ബോർഡിന്റെ കയറ്റുമതി പ്രോത്സാഹന പദ്ധതിയായ ആസ്പയർ സ്കീമിന്റെ ഇൻകുബേഷൻ സെന്ററായി ഇനി അഗ്വൈഞ്ചർ ടിബിഐ പ്രവർത്തിക്കും. കൊച്ചി സ്പൈസസ് ബോർഡ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ബോർഡ് സെക്രട്ടറി എം.എസ്. മണിവണ്ണൻ, അഗ്വൈഞ്ചർ ടിബിഐ സെക്രട്ടറി ഡോ. വി.കെ.സജേഷ് എന്നിവർ ധാരണാപത്രം കൈമാറി.

ഐഐഎസ്ആർ ഡയറക്ടർ ഡോ.ആർ.ദിനേശ്, നിഫ്ടെംതഞ്ചാവൂർ ഡയറക്ടർ പ്രൊഫ.വി.പളനിമുത്തു, ഐഐടി പാലക്കാട് ഇൻകുബേഷൻ സെന്റർ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ.മിധു, സ്പൈസസ് ബോർഡ് മാർക്കറ്റിങ് ഡയറക്ടർ ബി.എൻ.ഝാ, അസിസ്റ്റന്റ് ഡയറക്ടർ വി.വിജീഷ്ണ, കെ.എൽ.സനോജ് എന്നിവർ സന്നിഹിതരായിരുന്നു. സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും ഗവേഷണ പിന്തുണ, സാങ്കേതികവിദ്യ കൈമാറ്റം, ഉൽപന്ന വികസനം, ഇൻകുബേഷൻ, ബിസിനസ് മെന്ററിങ് എന്നിവ ഉറപ്പാക്കാനും ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകാനുമാണ് ധാരണാപത്രം.

ധാരണാപത്രപ്രകാരം രൂപീകരിക്കുന്ന സ്പൈസസ് ഇൻകുബേഷൻ സെന്റർ വഴി കയറ്റുമതിക്കായി മൂല്യവർധിത സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളും നൂതന സാങ്കേതികവിദ്യകളും വികസിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾ, ചെറുകിടഇടത്തരം സംരംഭങ്ങൾ, കയറ്റുമതിക്കാർ, കർഷക ഉൽപ്പാദക സംഘടനകൾ എന്നിവർക്ക് സമഗ്ര പിന്തുണ ലഭ്യമാക്കും.

## വൻ മുന്നേറ്റവുമായി കേരള ബാങ്ക്

KERALA BANK
Kerala State Co-operative Bank

**തിരുവനന്തപുരം:** സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് ആരംഭിച്ച കേരള ബാങ്കിൻറെ ആകെ ബിസിനസ് 1,01,204.41 കോടി രൂപയിൽ നിന്ന് ഇപ്പോൾ 1,28,697 കോടി രൂപയിലെത്തി. 27,492.59 കോടി രൂപയുടെ വളർച്ച രേഖപ്പെടുത്തി. കേരളത്തിലെ ബാങ്കുകളിൽ ബിസിനസ് അടിസ്ഥാനത്തിൽ കേരള ബാങ്ക് അഞ്ചാം സ്ഥാനത്താണ്.

കഴിഞ്ഞ വർഷം 7.700 കോടി രൂപയുടെ വളർച്ച ബാങ്ക് രേഖപ്പെടുത്തി. ഇത് കേരള രൂപീകരണത്തിനുശേഷമുള്ള ഏറ്റവും ഉയർന്ന വാർഷിക വളർച്ചയാണെന്നു കേരള ബാങ്ക് പ്രസിഡൻറ് പി. മോഹനൻ പത്രസമ്മേളനത്തിൽ അറിയിച്ചു.കേരളത്തിലെ മൊത്തം ബാങ്കിംഗ് ബിസിനസിന്റെ ഏഴു ശതമാനം മാർക്കറ്റ് ഷെയർ കേരള ബാങ്കിലാണ്.

ബാങ്കിന്റെ ആരംഭകാലത്ത് 59 വായ്പാ സ്കീമുകൾ ആണ് ഉണ്ടായിരുന്നത്. വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് പുതിയ സ്കീമുകൾ ആരംഭിച്ച ഇപ്പോൾ 81 സ്കീമുകളിലായി വായ്പാ വിതരണം നടത്തുന്നുണ്ട്. ഇതിൽ കൃഷിയുമായി ബന്ധപ്പെട്ട് കെസിസി ക്ഷീരമിത്ര, ഫിഷറീസ് വായ്പകളും പ്രവാസികൾക്കായുള്ള വായ്പകളും ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷം 33,900 കോടി രൂപയുടെ വായ്പാവിതരണം നടത്തി. ഇത് മുൻവർഷത്തേക്കാൾ 43 ശതമാനം വർധനയാണ്.

എംഎസ്എംഇ വായ്പകളിൽ 5,596 കോടി രൂപ ബാക്കി നിൽപുണ്ട്. ഇത് മൊത്തം വായ്പയുടെ 12 ശതമാനമാണ്. കഴിഞ്ഞ രണ്ടു വർഷംകൊണ്ട് 3005 കോടി രൂപ 51,300 യൂണിറ്റുകൾക്കായി വായ്പ വിതരണം ചെയ്തു. ഇതുവഴി 75,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ബാങ്കിന്റെ മൊത്തം വായ്പകളിൽ 24 ശതമാനവും കാർഷിക മേഖലയിലെ വിവിധ വായ്പാ പദ്ധതികളിലൂടെ വിതരണം നടത്തിയതാണ്.

കേരള ബാങ്ക് രൂപീകരണത്തിനുശേഷം ആകെ ഡെപ്പോസിറ്റ് 61,017.59 കോടി രൂപയിൽ നിന്നും 75,457 കോടി രൂപയായും വായ്പ 40,186.82 കോടി രൂപയിൽ നിന്നും 53,240 കോടി രൂപയായും വർധിച്ച് ആകെ ബിസിനസിൽ 27,492.59 കോടി രൂപയുടെ വർധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിൽ സ്വർണ പണയ വായ്പയിൽ കഴിഞ്ഞ വർഷം മാത്രം 6,000 കോടി രൂപയിലധികം വർധന വരുത്തികൊണ്ട് ഇപ്പോൾ വായ്പാ ബാക്കിനിൽപ് 12,400 കോടി രൂപയായിട്ടുണ്ട്. കേരള ബാങ്ക് വൈസ് പ്രസിഡൻറ് ടി.വി. രാജേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ, എക്സിക്യൂട്ടീവ് ഡയറക്ടർ റോയ് ഏബ്രഹാം എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.






## കുസാറ്റ്: അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ കരാർ അടിസ്ഥാനത്തിൽ നിയമം, കോമേഴ്സ് ആൻഡ് മാനേജ്മെന്റ് വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. നെറ്റ്, ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 24ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പിയും രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി 22' എന്ന വിലാസത്തിലേക്ക് സെപ്റ്റംബർ 3ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. അപേക്ഷക്കും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862481.

### കുസാറ്റ് ഗവേഷകസംഘത്തിന് ദേശീയ ബയോഇ3 ഇന്നൊവേഷൻ ചലഞ്ചിൽ മികച്ച നേട്ടം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിലെ ഡോ. റിയ കെ. അലക്സും സ്കൂൾ ഡയറക്ടർ പ്രൊഫ. ഡോ. സുജ പി. ദേവിപ്രിയയും ഡി.ഇ.എസ്.ഐ.ജി.എൻ ഫോർ ബയോഇ3 ചലഞ്ച് (മെയ് 2026 സൈക്കിൾ)ന്റെ കാറ്റഗറി 2ൽ രാജ്യത്തെ മികച്ച ആറു വിജയികളിൽ ഇടം നേടി.

കേന്ദ്ര സർക്കാരിന്റെ ബയോടെക്നോളജി വകുപ്പ്, ബിറാക്ക്, ബ്രിക് എന്നിവയുടെ സഹകരണത്തോടെ ഇന്ത്യയിലെ വൃത്തിയുള്ളതും സുസ്ഥിരവുമായ ജൈവസമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന നൂതന ബയോടെക്നോളജി ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ ദേശീയ ഇന്നൊവേഷൻ ചലഞ്ച് സംഘടിപ്പിച്ചത്.

'വേസ്റ്റ് ടു ബീഡ്: കൺവേർട്ടിങ് അഗ്രികൾച്ചറൽ വേസ്റ്റ് ഇൻടു സസ്റ്റൈയിനബിൾ മൈക്രോബീഡ്സ് ടു റിപ്ലേസ് മൈക്രോപ്ലാസ്റ്റിക് പൊല്യൂഷൻ' എന്ന ഇവരുടെ ആശയമാണ് തിരഞ്ഞെടുക്കപ്പെട്ടത്. കാർഷിക മാലിന്യങ്ങളിൽ നിന്ന് ജൈവവിഘടനശേഷിയുള്ള മൈക്രോബീഡുകൾ വികസിപ്പിച്ച് വ്യക്തിഗത പരിചരണസൗന്ദര്യവർധക ഉൽപ്പന്നങ്ങളിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മൈക്രോബീഡുകൾക്ക് പരിസ്ഥിതി സൗഹൃദ ബദൽ ഒരുക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### ഇലക്ട്രോണിക്സ് വകുപ്പിൽ സ്പെഷ്യൽ റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല ഇലക്ട്രോണിക്സ് വകുപ്പിലെ എം.ടെക്. മൈക്രോവേവ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പെഷ്യൽ റിയൽ ടൈം അഡ്മിഷൻ ജൂലൈ 28ന് രാവിലെ 10 മണി മുതൽ ഇലക്ട്രോണിക്സ് വകുപ്പ് ഓഫീസിൽ നടക്കും.

മുമ്പ് അപേക്ഷിക്കാത്തവർക്കും ഉഅഠ പരീക്ഷ എഴുതാത്തവർക്കും യോഗ്യതയുണ്ടെങ്കിൽ അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9496346370 എന്ന നമ്പരിൽ ബന്ധപ്പെടാം. പ്രവേശനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റിലും ലഭ്യമാണ്.

### പിഎച്ച്ഡി അഡ്മിഷനായി ഡിപ്പാർട്മെന്റ് അഡ്മിഷൻ ടെസ്റ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) പിഎച്ച്ഡി പ്രോഗ്രാമിലേക്കുള്ള അഡ്മിഷനായി വിവിധ വകുപ്പുകളിൽ ഡിപ്പാർട്മെന്റ് അഡ്മിഷൻ ടെസ്റ്റ് നടത്തുന്നു.

### അപ്ലൈഡ് ഇക്കോണോമിക്സ് വകുപ്പ്

പിഎച്ച്ഡി പ്രോഗ്രാമിലേക്കുള്ള ഡിപ്പാർട്ട്മെന്റ് അഡ്മിഷൻ ടെസ്റ്റ് ഓഗസ്റ്റ് 3ന് രാവിലെ 10 മണിക്ക് അപ്ലൈഡ് ഇക്കോണോമിക്സ് വകുപ്പിൽ നടക്കും. പരീക്ഷാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റുകൾ ഇമെയിൽ മുഖേന അയച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 04842862561 എന്ന നമ്പറിൽ ബന്ധപ്പെടുക

### സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

പിഎച്ച്ഡി പ്രോഗ്രാമിലേക്കുള്ള ഡിപ്പാർട്ട്മെന്റ് അഡ്മിഷൻ ടെസ്റ്റ് ഓഗസ്റ്റ് 5ന് രാവിലെ 10:30ക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നടക്കും. പരീക്ഷാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റുകൾ ഇമെയിൽ മുഖേന അയച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484 2862471 എന്ന നമ്പറിൽ ബന്ധപ്പെടുക.



അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' പദ്ധതിയുടെ ഉദ്ഘാടനം കേരള ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കുന്നു.

# 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' പദ്ധതി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** യുവജനങ്ങളെ മയക്കുമരുന്നിന്റെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും സമൂഹത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനുമായി അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' പദ്ധതിയുടെയും ആദിവാസി മേഖലകളിൽ ലഹരിവിരുദ്ധ ആരോഗ്യ ബോധവൽക്കരണവും ചികിത്സാ സേവനങ്ങളും വിപുലമാക്കുന്നതിനായി രൂപീകരിച്ച 'തൂഫാൻ തമ്പി' പദ്ധതിയുടെയും ഉദ്ഘാടനം സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് വമ്പിച്ച മാറ്റം വരുത്തിയ സ്ഥാപനം ആണ് അമൃത ആശുപത്രി എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. യുവതലമുറയുടെ ഭാവിയെ തകർക്കുന്ന ലഹരി മാഫിയയുടെ വേരറുക്കുന്നതു വരെ കേരളാ പോലീസ് മുന്നോട്ടു പോകുമെന്നും, അതിനായി ലഹരി ഉപയോഗത്തിനെതിരെയുള്ള പോരാട്ടം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അമൃത ടെക്നോളജീസ് വികസിപ്പിച്ച 'തൂഫാൻ അമൃത സോഫ്റ്റ്‌വെയർ തൂഫാൻ വൺ ' പ്രകാശനം ചെയ്തു. ലഹരി ഉപയോഗിക്കുന്നവരേക്കാൾ അത് വേണ്ട എന്ന് വെക്കുന്നവർ ആണ് മാനസികവും ശാരീരികവുമായി യഥാർത്ഥ ശക്തർ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ടി.ജെ.വിനോദ് എം.എൽ.എ പദ്ധതിയുടെ ഔദ്യോഗിക ലോഗോ പ്രകാശനം ചെയ്തു.

കൊച്ചി അമൃത ആശുപത്രിയിലെ അമൃതായനം ഹാളിൽ (ബി ബ്ലോക്ക് ഓഡിറ്റോറിയം) നടന്ന ചടങ്ങിൽ മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തി. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. കെ. പി.ഗിരീഷ് കുമാർ സ്വാഗതം പറഞ്ഞു.

കേരള സംസ്ഥാന പോലീസ് മേധാവി രവാഡ എ. ചന്ദ്രശേഖർ, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ, ഡി.ഐ.ജി പുട്ട വിമലാദിത്യ, പ്രൊഫ. ഡോ. സി. ശ്രീകുമാർ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. എറണാകുളം എം.എൽ.എ. 24 ന്യൂസ് മാനേജിംഗ് ഡയറക്ടർ ആർ. ശ്രീകണ്ഠൻ നായർ, അമൃത ടെക്നോളജീസ്സി.ഇ.ഒ പ്രദീപ് അച്ചൻ, ഡോ. ജഗ്ഗു സ്വാമി,അഡ്വ. കെ. ആനന്ദ്,സി. കെ. പ്രദീപ് ബിജു മേലാറ്റൂർ,ഡോ. ഡി. എം. വാസുദേവൻ,ഡോ. രഹ്ന സി. മുകുന്ദൻ, പ്രൊഫ. ഡോ. ദിനേശ്, ജി.എസ് സജികുമാർ,ഡോ. രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. തന്റെയും, വിശ്വശാന്തി ഫൗണ്ടേഷന്റെയും പൂർണ പിന്തുണ പദ്ധതിക്ക് ഉണ്ടാവുമെന്ന് വീഡിയോ സന്ദേശത്തിലൂടെ നടൻ മോഹൻലാൽ അറിയിച്ചു.

# വാഗ്ദാനങ്ങൾ ജലരേഖയായി; നാലു മാസമായി വേതനമില്ലാതെ സ്കൂൾ പാചക തൊഴിലാളികൾ

**കൊച്ചി:** സ്കൂൾ പാചക തൊഴിലാളികൾ കഴിഞ്ഞ നാല് മാസമായി വേതനം ലഭിക്കാതെ കടുത്ത പട്ടിണിയിലും ദുരിതത്തിലുമാണെന്ന് സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. മോഹനൻ ആരോപിച്ചു. ജൂൺ മാസത്തെ വേതനം ഉൾപ്പെടെ തൊഴിലാളികൾക്ക് പൂർണ്ണമായും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ നാല് മാസത്തിനിടെ ഏപ്രിൽ, മേയ് മാസങ്ങളിലെ അവധിക്കാല ആശ്വാസധനമായ കേവലം നാലായിരം രൂപ മാത്രമാണ് ഇവർക്ക് ലഭിച്ചത്.

ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പ്രൈമറി അധ്യാപകർ എന്നിവർക്ക് യുഡിഫ് സർക്കാരിന്റെ ആദ്യ ദിനങ്ങളിൽ പ്രഖ്യാപിച്ച ശമ്പളവർദ്ധനവ് നടപ്പിലാക്കിയപ്പോൾ, പാചക തൊഴിലാളികളെ സർക്കാർ പൂർണ്ണമായും അവഗണിച്ചു. പ്രഖ്യാപിച്ച വർദ്ധനവ് പോയിട്ട്, മുൻപ് ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ വേതനം പോലും ഇപ്പോൾ നാല് മാസമായി മുടങ്ങിയിരിക്കുകയാണ്.

തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നും ആരെയും നിരാശപ്പെടുത്തില്ലെന്നും മുഖ്യമന്ത്രിയും, വിഷയത്തിൽ അടിയന്തരമായി യൂണിയൻ നേതാക്കളുടെ യോഗം വിളിച്ചു ചേർക്കുമെന്ന് വിദ്യാഭ്യാസ മന്ത്രിയും നേരിട്ട് ഉറപ്പുനൽകിയതാണ്. എന്നാൽ ഈ ഉറപ്പുകളെല്ലാം വെറും വാഗ്ദാനങ്ങളായി അവശേഷിക്കുകയാണ്.കുടിശ്ശികയായ ശമ്പളവും സർക്കാർ പ്രഖ്യാപിച്ച വേതന വർദ്ധനവും അടിയന്തരമായി അനുവദിക്കണമെന്നും, അല്ലാത്തപക്ഷം സംസ്ഥാന വ്യാപകമായി ശക്തമായ പ്രക്ഷോഭ പരിപാടികളിലേക്ക് നീങ്ങുമെന്നും യൂണിയൻ മുന്നറിയിപ്പ് നൽകി

## ആലപ്പുഴ–ബെംഗളൂരു കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കും

**ആലപ്പുഴ:** ആലപ്പുഴയിൽ നിന്ന് ബെംഗളൂരുവിലേക്ക് വോൾവോ കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കും. നേരത്തെ ഈ റൂട്ടിൽ കെഎസ്ആർടിസിക്ക് സർവീസ് ഉണ്ടായിരുന്നെങ്കിലും ഇടയ്ക്കു നിർത്തിവച്ചിരുന്നു. നിലവിൽ മൂകാംബികയ്ക്കു മാത്രമാണ് ആലപ്പുഴയിൽ നിന്ന് കർണാടകയിലേക്കു സർവീസുള്ളത്. ദിവസവും വൈകിട്ട് 5.30ന് ആണ് മൂകാംബിക സർവീസ്. ഓണത്തിനു മുൻപായി ബെംഗളൂരു സർവീസ് ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വോൾവോ ബസ് നിലവിൽ ഇല്ലാത്തതിനാൽ ആലപ്പുഴ ഡിപ്പോയ്ക്ക് പുതിയ ബസ് അനുവദിക്കേണ്ടി വരും. സർവീസിന് ആവശ്യമായ ബസ് കെഎസ്ആർടിസിയുടെ പക്കലുണ്ടന്നും നികുതി ഇളവ് സംബന്ധിച്ച് അന്തിമ അനുമതി ലഭിക്കുന്നതോടെ സർവീസ് ആരംഭിക്കുമെന്നും നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി സി.പി.ജോൺ അറിയിച്ചു.

# ‘ഋതു’ അന്താരാഷ്ട്ര പരിസ്ഥിതി ചലച്ചിത്രമേള തുടങ്ങി

**ഇരിങ്ങാലക്കുട:** മൂന്നാമത് ഋതു അന്താരാഷ്ട്ര പരിസ്ഥിതി ചലച്ചിത്ര മേളയ്ക്ക് ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് കോളജിൽ തുടക്കമായി. പ്രശസ്ത നർത്തകിയും ഡോക്യുമെൻററി സം വിധായികയുമായ ഡോ. മേതിൽ ദേവിക ഉദ്ഘാടനം നിർവഹിച്ചു.മാസ് തിയേറ്ററിൽ നടന്ന ഉദ്ഘാടന സെഷനിൽ ഡോ. മേതിൽ ദേവികയുടെ കാവട്ടം, ഹാർട്ട് സൂത്ര എന്നീ ഡോക്യുമെൻററികൾ ഉദ്ഘാടനചിത്രങ്ങളായി പ്രദർശിപ്പിച്ചു.




തുടർന്ന് ചിത്രങ്ങളുടെ സൃഷ്ടിപശ്ചാത്തലവും പരിസ്ഥിതി, സംസ്കാരം, കല എന്നിവയു മായുള്ള ബന്ധവും പങ്കുവച്ച് അവർ പ്രേക്ഷകരുമായി സംവദിച്ചു. തുടർന്ന് കോളജ് ഓഡിറ്റോറിയത്തിൽ ഡോ. മേതിൽ ദേവിക ഋതു പരിസ്ഥിതി ചലച്ചിത്ര മേള ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

കേരളത്തിന്റെ തനതു കലാരൂപമായ ചവിട്ടുനാടകത്തിന്റെ ആകർഷകമായ അവതരണത്തോടെയായിരുന്നു ചടങ്ങുകൾക്കു തുടക്കമായത്.

സെൻറ് ജോസഫ്സ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ബ്ലെസി അധ്യക്ഷത വഹിച്ചു. ഇരിങ്ങാലക്കുട ഫിലിം സൊസൈറ്റി ചെയർമാൻ പി.കെ. ഭരതൻ, തൃശൂർ ചലച്ചിത്ര കേന്ദ്രം പ്രസിഡൻറ് ചെറിയാൻ ജോസഫ് എന്നിവർ സംസാരിച്ചു.

ജനറൽ കൺവീനർ ക്യാപ്റ്റൻ ലിറ്റി ചാക്കോ സ്വാഗതവും ഋതു സ്റ്റുഡന്റ് കോഓർഡിനേറ്റർ റെയ്ച്ചൽ റോസ് നന്ദിയും രേഖപ്പെടുത്തി.അധ്യാപക അനധ്യാപകർക്കുള്ള മുറം ചേറ്റൽ മത്സരം, കോളജിന്റെ മ്യൂസിക് ബാൻഡ് രാഗയുടെ ജാനകിയമ്മ അനുസ്മരണ ഗാനങ്ങൾ തുടങ്ങിയവ അരങ്ങേറി.വിവിധ ഫുഡ് സ്റ്റാളുകൾ, കരകൗശല വസ്തുക്കളുടെ പ്രദർശനം തുടങ്ങിയവ മേളയുടെ ആകർഷക ങ്ങളായി. പരിസ്ഥിതി സംരക്ഷണവും ഹരിതചിന്തകളും സിനിമയിലൂടെയും കലകളിലൂടെയും ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന മേളയിൽ വിദ്യാർഥികൾ നിർമിച്ച പരിസ്ഥിതി ഹ്രസ്വചിത്രങ്ങൾ, വിവിധ ഡോക്യുമെൻററികൾ, സംവിധായകരുമായുള്ള സംവാദങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ നടന്നു.വയനാട്ടിലെ ഗോത്ര ജീവിതത്തെ പറ്റിയുള്ള ചൂതുമണി, വയനാട്ടിലെ ഗോത്ര ജീവിതം, കടമക്കുടി, പരുന്താട്ടം എന്നീ ഡൊക്യുമെൻററികളാണു പ്രദർശിപ്പിച്ചത്.



# സ്വകാര്യ നിക്ഷേപത്തോടെ പുതുവൈപ്പിൽ മറൈൻ ടൂറിസം പദ്ധതി

**കൊച്ചി:** കൊച്ചിയുടെ ടൂറിസം ഭൂപടത്തിൽ പുതിയ അധ്യായം കുറിക്കാൻ പുതുവൈപ്പ് തീരത്തെ, ലോകോത്തര മറൈൻ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കാൻ കൊച്ചിൻ പോർട്ട് അതോറിറ്റി ഒരുങ്ങുന്നു. പുതുവൈപ്പ് ബീച്ചിനോട് ചേർന്ന് പോർട്ടിന്റെ ഉടമസ്ഥതയിലുള്ള 35 ഏക്കർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നിനാണ് ആലോചന. നൂറു കോടിക്ക് മേലെ നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതിക്കായി അടുത്ത മാസം ആദ്യം ടെണ്ടർ ക്ഷണിക്കും.

പുതുവൈപ്പിലെ മനോഹരമായ കടൽത്തീരവും നഗരത്തോട് അടുത്തുള്ള ഭൗമശാസ്ത്രപരമായ പ്രത്യേകതയും വിനോദസഞ്ചാര സാധ്യതകൾ വർധിപ്പിക്കുമെന്ന വിലയിരുത്തലിലാണ് പോർട്ട് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി യാഥാർഥ്യമാകുന്നതോടെ ഫോർട്ടുകൊച്ചിയിലും മറൈൻ ഡ്രൈവിലും അനുഭവപ്പെടുന്ന തിരക്ക് കുറയ്ക്കാൻ കഴിയുമെന്നും വിലയിരുത്തപ്പെടുന്നു.

പദ്ധതിക്കായി തിരിച്ചറിഞ്ഞിരിക്കുന്ന ഭൂമി ദീർഘകാല ലീസിന് സ്വകാര്യ കമ്പനികൾക്ക് കൈമാറിയാകും പദ്ധതി നടപ്പാക്കുക. ബീച്ച് റിസോർട്ടുകൾ, വാട്ടർഫ്രണ്ട് ഹോട്ടലുകൾ, ഇക്കോ റിസോർട്ടുകൾ, വാട്ടർ സ്പോർട്സ് കേന്ദ്രങ്ങൾ, യാച്ചുകൾക്കും വിനോദബോട്ടുകൾക്കുമായി മറീന, വെൽനസ് ടൂറിസം പദ്ധതികൾ, സാംസ്കാരിക വേദികൾ, റസ്റ്റോറൻറുകൾ, കഫേകൾ എന്നിങ്ങനെ ടൂറിസത്തിന് ഊന്നൽ നൽകുന്ന സൗകര്യങ്ങൾക്ക് ഈ സ്ഥലം വിനിയോഗിക്കാം.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ആവശ്യമായ അനുമതികളും നേടുക എന്നത് കമ്പനികളുടെ ഉത്തരവാദിത്തമായിരിക്കും.

തീരദേശ നിയന്ത്രണ മേഖല (സിആർസെഡ്) നിയമങ്ങളുടെ പരിധിയിലായതിനാൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും. തീരദേശ ജൈവവൈവിധ്യത്തിനോ മത്സ്യബന്ധന മേഖലയ്ക്കോ ദോഷകരമായ വികസനം അനുവദിക്കില്ലെന്നും അധികൃതർ പറഞ്ഞു.

പദ്ധതി യാഥാർഥ്യമായാൽ കൊച്ചിയുടെ വിനോദസഞ്ചാര മേഖലയ്ക്ക് വലിയ ഉണർവ് ലഭിക്കുന്നതോടൊപ്പം നൂറുകണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഹോട്ടൽ, റസ്റ്ററൻറ്, ഗതാഗതം, വാട്ടർ സ്പോർട്സ്, പ്രാദേശിക വ്യാപാരം തുടങ്ങിയ അനുബന്ധ മേഖലകളിൽ വളർച്ചയുണ്ടാകുമെന്നും വിലയിരുത്തപ്പെടുന്നു.

കൊച്ചിൻ പോർട്ട് അഥോറിറ്റിക്കും ദീർഘകാല ലീസ് വരുമാനം ഉറപ്പാക്കാൻ പദ്ധതിയിലൂടെ സാധിക്കും.

## എം.ജി സർവകലാശാല

### സപ്ലിമെൻററി അലോട്മെൻ്റ് ജൂലൈ 29 വരെ

കേരള ഹയർ സെക്കൻഡറി പ്ലസ് ടു ടഅഥ പരീക്ഷ വിജയിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാനുള്ള അവസരം ഉറപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയുടെ 2026 27 അധ്യയന വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സപ്ലിമെൻററി അലോട്മെൻ്റിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2026 ജൂലൈ 29 വൈകുന്നേരം 5.00 വരെ ദീർഘിപ്പിച്ചു.

സപ്ലിമെൻററി അലോട്മെൻ്റ് 2026 ജൂലൈ 31ന് പ്രസിദ്ധീകരിക്കും. അലോട്മെൻ്റ് ലഭിക്കുന്ന വിദ്യാർഥികൾ 2026 ഓഗസ്റ്റ് 1നകം ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം പൂർത്തിയാക്കണം.

### സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിൽ എം.എ ജൻഡർ സ്റ്റഡീസ് പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ രേഖകൾ സഹിതം ജൂലൈ 28ന് രാവിലെ 10.30ന് കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിൻറെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെൻറിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് sgs@mgu.ac.in ഫോൺ9747244873

### പരീക്ഷാഫലം

നാലാം സെമസ്റ്റർ ആക്ച്യൂരിയൽ സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎമ്യൂസിക്വീണ, വയലിൻ, മൃദംഗം, മദ്ദളം, വോക്കൽ, പെർഫോമിംഗ് ആർട്സ് ചെണ്ട (2024 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർഥികളുടെ സ്പെഷ്യൽ അപ്പിയറൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 5 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എംഎ മലയാളം (പിജിസിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എംഎസ്.സി ഹോം സയൻസ് (ബ്രാഞ്ച്10) (എ) ചൈൽഡ് ഡെവലപ്പ്മെൻറ് ആൻഡ് (ബ്രാഞ്ച്10) (ഡി) ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ ബിപിഇഎസ് (നാലുവർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 4 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ ഡെവലപ് മെൻ്റ് ഇക്കണോമിക്സ് (2024 അഡ്മിഷൻ റഗുലർ/2023, 2022, 2021, 2020 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ. തമിഴ് പി ജി സി എസ് എസ് (2024 അഡ്മിഷൻ റെഗുലർ /2023,2022,2021,2020 & 2019 അഡ്മിഷൻ റീ അപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎസ്.സി ഫുഡ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30, 31 തീയതികളിലായി അമലഗിരി ബി.കെ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

# ഗ്രാമീണ ഹരിത അടിസ്ഥാനസൗകര്യ വികസനത്തിന് നബാർഡ് മഹാപ്രീത് ധാരണാപത്രം



**മുംബൈ:** രാജ്യത്തെ ഗ്രാമീണ മേഖലകളിൽ ഹരിതവും കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതുമായ അടിസ്ഥാനസൗകര്യ പദ്ധതികൾ നടപ്പാക്കുന്നതിനായി നബാർഡും മഹാരാഷ്ട്ര സർക്കാർ സ്ഥാപനമായ മഹാത്മാ ഫുലെ റിന്യൂവബിൾ എനർജി ആൻഡ് ഇൻഫ്രാസ്ട്രക്ചർ ടെക്നോളജി ലിമിറ്റഡും (മഹാപ്രീത്) ധാരണാപത്രത്തിൽ ഒപ്പുവച്ചു. മഹാരാഷ്ട്രയെ പ്രാരംഭ കേന്ദ്രമാക്കി ഗ്രാമപഞ്ചായത്തുകൾ, പൊതുസ്ഥാപനങ്ങൾ, ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ സുസ്ഥിര വികസനത്തിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഹരിത ഊർജം, സർക്കാർ കെട്ടിടങ്ങളുടെ കാർബൺ പുറന്തള്ളൽ കുറയ്ക്കൽ, ഗ്രാമപഞ്ചായത്ത് അടിസ്ഥാനസൗകര്യ വികസനം, ജലപമ്പിങ് പദ്ധതികൾ, സർക്കാർ ആശുപത്രികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധ ഊർജ വിനിയോഗം തുടങ്ങിയ മേഖലകളിൽ സംയുക്തമായി പദ്ധതികൾ നടപ്പാക്കും. ബയോഗ്യാസ്, ബയോഎനർജി ഉൽപ്പാദനം, കാർഷിക അവശിഷ്ടങ്ങളുടെ പ്രയോജനപ്പെടുത്തൽ, സോളാർ അധിഷ്ഠിത മൈക്രോ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവയ്ക്കും ധനസഹായം നൽകും.

ഗ്രാമീണ ഇന്ത്യയെ കൂടുതൽ ഹരിതവും സുസ്ഥിരവുമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് മഹാപ്രീതുമായുള്ള സഹകരണമെന്ന് നബാർഡ് ചെയർമാൻ ഡോ. ഷാജി കൃഷ്ണൻ വി പറഞ്ഞു.

# സിട്രോൺ ഇ.വി.യുമായി കിയ ഇന്ത്യ



**കൊച്ചി:** രാജ്യത്തെ മുൻനിര വാഹന നിർമ്മാതാക്കളായ കിയ ഇന്ത്യ, രണ്ടാമത്തെ മാസ്മാർക്കറ്റ് ഇലക്ട്രിക് വാഹനമായ സിറോസ് ഇവിയെ അവതരിപ്പിച്ചു, കിയ ഇന്ത്യ വെബ്സൈറ്റ് (സശമ.രീാ) വഴിയും രാജ്യത്തുടനീളമുള്ള ഡീലർഷിപ്പുകൾ വഴിയും 25,000 രൂപയ്ക്ക് പ്രീബുക്കിംഗും ആരംഭിച്ചു. ലൈഫ് ടൈം ഹൈ വോൾട്ടേജ് ബാറ്ററി വാറന്റി, റ്ററി പായ്ക്കിൽ 526 കിലോമീറ്റർ റേഞ്ചും 42 കെ.ഡബ്ല്യൂ.എച്ച്. ബാറ്ററി പായ്ക്കിൽ 443 കിലോമീറ്റർ റേഞ്ചുമാണ് കമ്പനി അവകാശപ്പെടുന്നത്.

100 കെ.ഡബ്ല്യൂ ചാർജറും, ദൈനംദിന ചാർജിംഗ് ലളിതമാക്കുന്ന ബാറ്ററി കണ്ടീഷനിംഗ് സവിശേഷതയും ഉപയോഗിച്ച് വെറും 39 മിനിറ്റിനുള്ളിൽ ബാറ്ററി 10% മുതൽ 80% വരെ ചാർജ് ചെയ്യാൻ സഹായിക്കുന്ന ഏറ്റവും മികച്ച ഫാസ്റ്റ് ചാർജിംഗ് സംവിധാനമാണിതിലുള്ളത്. കെചാർജ് ഇക്കോസിസ്റ്റത്തിന്റെ ഇന്റഗ്രേറ്റഡ് റൂട്ട് പ്ലാനറും ഫ്ലെക്സിബിൾ ചാർജിംഗ് നിയന്ത്രണങ്ങളും പിന്തുണയ്ക്കുന്ന 10.8 സണ ഓൺബോർഡ് എസി ചാർജിംഗ് ശേഷിയും സിറോസ് ഇവിയുടെ സവിശേഷതയാണ്. ആധുനിക ഹൈപവർഡെൻസിറ്റി മോട്ടോർ വാറന്റി, അഡ്വാൻസ്ഡ് ബൈ വയർ സാങ്കേതിക വിദ്യ, ഐപെഡൽ3.0 സാങ്കേതികവിദ്യ തുടങ്ങിയവയാണ് മറ്റ് പ്രത്യേകതകൾ.

ഇലക്ട്രോണിക് വാഹനങ്ങൾക്ക് മാത്രമായി രൂപകൽപ്പന ചെയ്തിരിക്കുന്ന സാങ്കേതികവിദ്യകളിൽ, ഓട്ടോ മോഡ്, ഐപെഡൽ എന്നിവയുള്ള റീജനറേറ്റീവ് ബ്രേക്കിംഗിനുള്ള പാഡിൽ ഷിഫ്റ്ററുകൾ, വെഹിക്കിൾ ടുലോഡ് (ഇന്റേണൽ), ബാറ്ററി ഹീറ്റിംഗ് സിസ്റ്റം, ഡിജിറ്റൽ കീ, വെർചൽ എഞ്ചിൻ സൗണ്ട് സിസ്റ്റം (ഢഋടട), ഷിഫ്റ്റ്ബൈവയർ കോളം തരം എന്നിവ ഉൾപ്പെടുന്നു.

# നിക്ഷേപ സാമ്പത്തിക അവബോധം വളർത്താൻ എച്ച്.ഡി.എഫ്.സി. മ്യൂച്വൽ ഫണ്ടിന്റെ നാരി നിവേശ് യാത്ര കൊച്ചിയിൽ

**കൊച്ചി:** സ്ത്രീകളിൽ നിക്ഷേപ സാമ്പത്തിക അവബോധം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് എച്ച്.ഡി.എഫ്.സി. മ്യൂചൽ ഫണ്ട് നടത്തിയ നാരി നിവേശ് യാത്രയുടെ കൊച്ചിയിലെ പര്യടനം സമാപിച്ചു. ജൂൺ 26ന് ചെന്നൈയിൽ നിന്നും ആരംഭിച്ച ഈ രാജ്യവ്യാപക നിക്ഷേപക വിദ്യാഭ്യാസഅവബോധ പരിപാടിയുടെ ഭാഗമായി പള്ളുരുത്തി മാർക്കറ്റ്, തോപ്പുംപടി മാർക്കറ്റ്, മട്ടാഞ്ചേരി മാർക്കറ്റ്, ബ്രോഡ്വേ മാർക്കറ്റ്, ഇടക്കൊച്ചി മാർക്കറ്റ്, ചേർളായി ബസാർ എന്നിവിടങ്ങളിലെ പ്രാദേശിക സമൂഹങ്ങളുമായി സംവാദം നടത്തി.

സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിലും സമ്പത്ത് സൃഷ്ടിക്കുന്നതിലും സ്ത്രീകളുടെ പങ്ക് വർധിച്ചു വരുന്ന സാഹചര്യത്തിൽ രാജ്യത്തെ വിവിധ സമൂഹങ്ങളിലേക്ക് നേരിട്ട് നിക്ഷേപക വിദ്യാഭ്യാസം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആറുമാസം നീണ്ടുനിൽക്കുന്ന 'നാരി നിവേശ് യാത്ര' സംഘടിപ്പിച്ചത്. തെരുവുനാടകങ്ങൾ, നിക്ഷേപക ബോധവൽക്കരണ ക്ലാസുകൾ, സമൂഹവുമായി നേരിട്ടുള്ള ആശയവിനിമയം എന്നിവയിലൂടെ സാമ്പത്തിക ആസൂത്രണം, ചിട്ടയായ നിക്ഷേപം, ദീർഘകാല സമ്പത്ത് സൃഷ്ടിക്കൽ തുടങ്ങിയവയെക്കുറിച്ച് നഗരത്തിലെ സ്ത്രീകൾക്ക് കൂടുതൽ അവബോധം നൽകാൻ ഇതിലൂടെ സാധിക്കും.

പരമ്പരാഗത സമ്പാദ്യ രീതികളിൽ നിന്ന് മാറി നിക്ഷേപത്തിലൂടെ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന എച്ച്.ഡി.എഫ്.സി. മ്യൂചൽ ഫണ്ടിന്റെ 'ബർണി സെ ആസാദി' നിക്ഷേപക വിദ്യാഭ്യാസഅവബോധ പരിപാടിയുടെ വിപുലീകരണമായാണ് നാരി നിവേശ് യാത്ര സംഘടിപ്പിച്ചത്.



അബ്ദുൽ അസീസ്, കെ. എ മുഹമ്മദ് അൻസാഫ്, അരുൺ അരവിന്ദ്,നാരായണ ബാബു

# സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ : ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (സ്വാക്ക്) 202628 വർഷത്തേയ്ക്കുള്ള എറണാകുളം ജില്ലാ കമ്മിറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ടയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. അബ്ദുൽ അസീസ് (പ്രസിഡന്റ്), കെ.എ മുഹമ്മദ് അൻസാഫ് (ജനറൽ സെക്രട്ടറി),അരുൺ അരവിന്ദ് (ട്രഷറർ), നാരായണ ബാബു(സംസ്ഥാന കോർഡിനേറ്റർ),എം.എ റാഫി, പി.എം അഷ്റഫ് (വൈസ് പ്രസിഡന്റ്മാർ), അബ്ദുൽ സലാം (ജോയിന്റ് സെക്രട്ടറി) ബി.ഐ അബ്ദുൽ ജബ്ബാർ, ടി.എച്ച് കരീം, മുഹമ്മദ് നിയാസ്, വിജി വി. കോമത്ത്, എസ് സുരേഷ്, പി. എ പരീദ്, രതീഷ് പദ്മാഹരം, കെ.വി സദാനന്ദൻ, കെ.വി സുരേഷ് കുമാർ, സുശീൽ കോത്താരി, ലൈജു ആൻസിലി, സി. എംഅബ്ദുൽ ഷരീഫ് പി. എൻ വിമൽ കുമാർ, ജിസ് തോമസ്, എ.ബി ലെനിൻ, സന്തോഷ് കുമാർ, കെ.കെ സോമൻ, റെനി സി.ജോൺ, അബിൻ മൂക്കന്നൂർ എന്നിവരെ എക്സ്ക്യൂട്ടീവ് കമ്മിറ്റ് അംഗങ്ങളായും തിരഞ്ഞെടുത്തു. യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് സാജു മൂലൻ, സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ.സിയാവുദ്ദീൻ എന്നിവരും പ്രസംഗിച്ചു.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ അറ്റാദായം 317 കോടി രൂപയായി ഉയർന്നു

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ 2026 ജൂണിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ മുൻവർഷത്തെ ഇതേ പാദത്തെ അപേക്ഷിച്ച് അറ്റാദായം 206.7 ശതമാനം വളർച്ചയോടെ 317 കോടി രൂപയായി ഉയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് തങ്ങളുടെ 2027 സാമ്പത്തിക വർഷത്തെ ആസ്തിയിന്മേലുള്ള ആദായ ലക്ഷ്യം 1.8 ശതമാനം മുതൽ 2.0 ശതമാനമായി ഉയർത്തി നിശ്ചയിച്ചു.

38.6 ശതമാനം വാർഷിക വളർച്ചയോടെ ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ത്രൈമാസ അറ്റ പലിശ വരുമാനം ഈ പാദത്തിൽ 1,186 കോടി രൂപയിലെത്തി. അറ്റ പലിശ ലാഭനിരക്ക് 8.5 ശതമാനമാണ്. പ്രവർത്തന ലാഭം 52 ശതമാനം വർദ്ധിച്ച് 548 കോടി രൂപയിലെത്തി. ആദ്യ പാദത്തിലെ ആസ്തിയിന്മേലുള്ള ആദായം 2.2 ശതമാനമായും ഓഹരി മൂലധന ലാഭനിരക്ക് 18.2 ശതമാനമായും മെച്ചപ്പെട്ടു.

ബാങ്കിന്റെ ആകെ നിക്ഷേപങ്ങൾ മുൻവർഷത്തെ അപേക്ഷിച്ച് 24.6 ശതമാനം വർദ്ധിച്ച് 48,129 കോടി രൂപയിലത്തി. മുൻ പാദത്തെ അപേക്ഷിച്ച് 5.4 ശതമാനം വളർച്ചയാണിത്. കറന്റ് അക്കൗണ്ട്, സേവിങ്സ് അക്കൗണ്ട് (കാസ) നിക്ഷേപങ്ങൾ 37.8 ശതമാനം വാർഷിക വളർച്ചയോടെ 12,930 കോടി രൂപയായി. നിലവിലെ കാസ അനുപാതം 26.9 ശതമാനമാണ്.

28.9 ശതമാനം വാർഷിക വളർച്ചയോടെ ആകെ വായ്പകൾ 42,903 കോടി രൂപയായി ഉയർന്നു. ഈടിന്മേലുള്ള വായ്പകൾ 42.7 ശതമാനം വർദ്ധിച്ച് 21,638 കോടി രൂപയിലെത്തി. ഇത് ആകെ വായ്പകളുടെ 50.4 ശതമാനം വരും. ബാങ്കിന്റെ പുതിയ വായ്പാ വിഭാഗങ്ങളായ സ്വർണ്ണ വായ്പ 1,020 കോടി രൂപയും വാഹന വായ്പ 1,036 കോടി രൂപയും കടന്ന് മികച്ച മുന്നേറ്റം കാഴ്ചവെച്ചു. കൂടാതെ ഭവന വായ്പാ വിഭാഗം 40.8 ശതമാനം വളർച്ചയോടെ 11,210 കോടി രൂപയും എംഎസ്എംഇ വിഭാഗം 54 ശതമാനം വളർച്ചയോടെ 3,470 കോടി രൂപയുമായി ഉയർന്നു. 41.4 ശതമാനം വാർഷിക വളർച്ചയോടെ എക്കാലത്തെയും ഉയർന്ന ഒന്നാം പാദ വായ്പ വിതരണമായ 9,245 കോടി രൂപ രേഖപ്പെടുത്തി.

ബാങ്കിന്റെ മൊത്തം കിട്ടാക്കടം 2.17 ശതമാനമായും അറ്റ കിട്ടാക്കടം 0.34 ശതമാനമായും മെച്ചപ്പെട്ടു. മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 36 ബിപിഎസ്, 37 ബിപിഎസ് നിരക്കുകളുടെ കുറവുണ്ടായി. കിട്ടാക്കട സുരക്ഷാ നിരക്ക് 2025 ജൂണിലെ 73 ശതമാനത്തിൽ നിന്ന് 2026 ജൂണിൽ 85 ശതമാനമായി മെച്ചപ്പെട്ടു. മൈക്രോ ബാങ്കിങ് വിഭാഗത്തിലെ പ്രകടനം 99.68 ശതമാനം കളക്ഷൻ കാര്യക്ഷമതയോടെ ശക്തമായി തുടരുന്നു.

# മഹീന്ദ്ര ഫിനാൻസിന്റെ അറ്റാദായം 70 ശതമാനം വർധിച്ച് 899 കോടി രൂപയായി

**കൊച്ചി:** പ്രമുഖ ധനകാര്യ സേവന ദാതാക്കളായ മഹീന്ദ്ര ഫിനാൻസിന്റെ 2026 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് 70 ശതമാനം വർധിച്ച് 899 കോടി രൂപയായി ഉയർന്നു. ഈ കാലയളവിൽ മൊത്ത വരുമാനം 12 ശതമാനം വർധിച്ച് 4,974 കോടി രൂപയിലെത്തി.

കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി 13 ശതമാനം വാർഷിക വളർച്ചയോടെ 1,37,449 കോടി രൂപയായി ഉയർന്നു. ആദ്യ പാദത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 22 ശതമാനം വർധനവോടെ 15,564 കോടി രൂപയുടെ വായ്പകളാണ് വിതരണം ചെയ്തത്.

സംയോജിത അടിസ്ഥാനത്തിൽ കമ്പനിയുടെ മൊത്ത വരുമാനം 14 ശതമാനം വർധിച്ച് 5,725 കോടി രൂപയായും, അറ്റാദായം 75 ശതമാനം വാർഷിക വളർച്ചയോടെ 927 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

അറ്റ പലിശ ലാഭനിരക്ക് 7.3 ശതമാനമായി മെച്ചപ്പെട്ടു. വായ്പാ നഷ്ട നിരക്ക് 1.5 ശതമാനമായി മെച്ചപ്പെട്ടപ്പോൾ ആസ്തികളിന്മേലുള്ള ആദായം 2.4 ശതമാനമായി കരുത്താർജിച്ചു. മുൻവർഷം 3.8 ശതമാനമായിരുന്ന സ്റ്റേജ് 3 ആസ്തികൾ ഈ പാദത്തിൽ 3.5 ശതമാനമായി കുറഞ്ഞത് ആസ്തി ഗുണനിലവാരത്തിലെ പുരോഗതിയെ കാണിക്കുന്നു. വാഹന ഇതര വായ്പാ വിതരണത്തിൽ 79 ശതമാനത്തിന്റെ മികച്ച വാർഷിക വളർച്ച കമ്പനി രേഖപ്പെടുത്തി.

# വാട്സ്ആപ്പ് വഴി മ്യൂച്വൽ ഫണ്ട് നിക്ഷേപം; പുതിയ സൗകര്യവുമായി യുടിഐ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** രാജ്യത്തെ മുൻനിര മ്യൂചൽ ഫണ്ട് സ്ഥാപനമായ യുടിഐ മ്യൂചൽ ഫണ്ട് രാജ്യത്താദ്യമായി നിക്ഷേപകർക്ക് വാട്സ്ആപ്പിലൂടെ നിക്ഷേപ പ്രക്രിയ പൂർത്തിയാക്കാനുള്ള അത്യാധുനിക സൗകര്യം അവതരിപ്പിച്ചു. പേയ്മെന്റുകൾ ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും വാട്സ്ആപ്പിലൂടെ തന്നെ നിർവ്വഹിക്കാൻ സാധിക്കും.

കോടിക്കണക്കിന് ഇന്ത്യക്കാർ ദിവസേന ഉപയോഗിക്കുന്ന വാട്സ്ആപ്പിൽ ഒരു സന്ദേശം അയക്കുന്നത് പോലെ ലളിതമായി ഇനി മ്യൂചൽ ഫണ്ട് നിക്ഷേപങ്ങൾ നടത്താം. മറ്റൊരു ആപ്പിലേക്കോ ബ്രൗസറിലേക്കോ റീഡയറക്ട് ചെയ്യാതെ തന്നെ ഒറ്റത്തവണ പേയ്മെന്റുകളും യുപിഐ വഴിയുള്ള ഇടപാടുകളും വാട്സ്ആപ്പ് ചാറ്റിലൂടെ നേരിട്ട് നടത്താനാകും. ഇടപാടുകൾക്കിടയിൽ ലിങ്കുകൾ മാറുന്നത് മൂലം സാധാരണയായി സംഭവിക്കാറുള്ള പണമിടപാട് തടസ്സങ്ങൾ ഒഴിവാക്കാൻ ഈ പുതിയ സംവിധാനം സഹായിക്കും.

പ്രമുഖ പേയ്മെന്റ് പാർട്ണറായ കാംസ്പേ, കോൺവർസേഷണൽ പ്ലാറ്റ്ഫോമായ ഗപ്ഷപ്, മെറ്റയുടെ വാട്സ്ആപ്പ് ബിസിനസ്സ് എന്നിവയുടെ സഹകരണത്തോടെയാണ് യുടിഐ മ്യൂചൽ ഫണ്ട് ഈ ഡിജിറ്റൽ സൗകര്യം ഒരുക്കിയിരിക്കുന്നത്.

# കിയയുടെ സിറോസ് ഇവി പ്രാരംഭ വില 13.49 ലക്ഷം

**കൊച്ചി:** കിയ ഇന്ത്യയുടെ രണ്ടാമത്തെ മാസ്മാർക്കറ്റ് ഇലക്ട്രിക് എസ്‌യുവിയായ സിറോസ് ഇവി 42 കെ.ഡബ്ല്യു.എച്ച്. ബാറ്ററി വകഭേദത്തിന് 13.49 ലക്ഷം (എക്സ്ഷോറൂം) മുതലും 51.4 കെ.ഡബ്ല്യു.എച്ച്. എക്സ്റ്റൻഡഡ് റേഞ്ച് വകഭേദത്തിന് 16.99 ലക്ഷം (എക്സ്ഷോറൂം) മുതലുമാണ് വില.

സിറോസ് ഇവിക്കായി 3 വർഷത്തിന് ശേഷം 80% വരെ റീസെയിൽ മൂല്യം ഉറപ്പുനൽകുന്ന അഷേർഡ് ബൈബാക്ക് പദ്ധതി, 7.99 ലക്ഷം മുതൽ ആരംഭിക്കുന്ന ബാറ്ററിആസ് എസർവീസ്, കിലോമീറ്ററിന് 3.3 മുതൽ ബാറ്ററി ഇഎംഐ, കൂടാതെ 15 വർഷം അല്ലെങ്കിൽ അൺലിമിറ്റഡ് കിലോമീറ്റർ ലൈഫ്ടൈം ഹൈവോൾട്ടേജ് ബാറ്ററി വാറന്റി എന്നിവയും കമ്പനി പ്രഖ്യാപിച്ചു.




# ഹോണ്ട ഇന്ത്യയിൽ 10 പുതിയ ഇരുചക്ര വാഹന മോഡലുകൾ അവതരിപ്പിച്ചു

**ന്യൂദൽഹി:** ഇന്ത്യൻ ഉപഭോക്താക്കളുടെ മാറുന്ന മൊബിലിറ്റി ആവശ്യങ്ങൾ ലക്ഷ്യമിട്ട് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) 10 ഉൽപ്പന്നങ്ങളടങ്ങിയ പുതിയ പോർട്ട്ഫോളിയോ അവതരിപ്പിച്ചു. ഏഴ് പുതിയ മോഡലുകളും മൂന്ന് പുതുക്കിയ മോഡലുകളുമാണ് അവതരിപ്പിച്ചത്. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായാണ് ഐസിഇ, ഇലക്ട്രിക്, ഫ്ലെക്സ് ഫ്യൂവൽ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളുന്ന മോഡലുകൾ വിപണിയിലെത്തിക്കുന്നത്.

ഹോണ്ട എഡിവി 160 സിറ്റി അഡ്വഞ്ചർ സ്കൂട്ടർ, സിബി500 റോഡ്സ്റ്റർ, റെബൽ 300, റെബൽ 500 ക്രൂസർ ബൈക്കുകൾ, എക്സ്ആർ 300എൽ, എക്സ്ആർ 300 റാലി അഡ്വഞ്ചർ മോട്ടോർസൈക്കിളുകൾ, ക്യൂസി3 ഇലക്ട്രിക് സ്കൂട്ടർ എന്നിവയാണ് പുതിയ മോഡലുകൾ. സിബി350 ശ്രേണിയിലെ വാഹനങ്ങൾ പുതിയ നിറങ്ങളോടെ പുതുക്കി അവതരിപ്പിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത മോഡലുകളിൽ ഹോണ്ടയുടെ ഇക്ലച്ച് സാങ്കേതികവിദ്യയും ലഭ്യമാകും. ഉൽപ്പന്നങ്ങളുടെ വില, ലോഞ്ച് തീയതി, വിപണിയിലെ ലഭ്യത തുടങ്ങിയ വിവരങ്ങൾ പിന്നീട് പ്രത്യേകം പ്രഖ്യാപിക്കുമെന്ന് കമ്പനി അറിയിച്ചു. ഇന്ത്യയിലെ പ്രാദേശിക ഉൽപ്പാദനവും എൻജിനീയറിംഗ് ശേഷിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പുതിയ പോർട്ട്ഫോളിയോ അവതരിപ്പിച്ചതെന്ന് ഹോണ്ട വ്യക്തമാക്കി.



# മെഴ്സിഡസ് ബെൻസിന്റെ എഎംജി ഇ 53 ഹൈബ്രിഡ് 4മാറ്റിക്+ ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** ആഡംബര കാർ നിർമാതാക്കളായ മെഴ്സിഡസ് ബെൻസിന്റെ പ്ലഗ്ഇൻ ഹൈബ്രിഡ് സാങ്കേതികവിദ്യയോടുകൂടിയ പുതിയ മെഴ്സിഡസ് എഎംജി ഇ 53 ഹൈബ്രിഡ് 4മാറ്റിക്+ മോഡൽ ഇന്ത്യയിൽ അവതരിപ്പിച്ചു.

ത്രീ ലിറ്റർ ഇൻ ലൈൻ സിക്സ് സിലിണ്ടർ ടർബോ പെട്രോൾ എൻജിനും 120 കിലോവാട്ട് വൈദ്യുത മോട്ടോറും സംയോജിപ്പിച്ചാണ് എഎംജി ഇ 53 ഹൈബ്രിഡ് 4മാറ്റിക്+ പ്രവർത്തിക്കുന്നത്. 430 കിലോവാട്ട് (585 ഹോഴ്സ്പവർ) കരുത്തും 750 ന്യൂട്ടൺ മീറ്റർ ടോർക്കും ഇത് ഉൽപ്പാദിപ്പിക്കും. റേസ് സ്റ്റാർട്ട് സംവിധാനത്തിലൂടെ പരമാവധി കരുത്ത് 450 കിലോവാട്ട് (612 ഹോഴ്സ്പവർ) വരെ ഉയരും. പൂജ്യത്തിൽ നിന്ന് 100 കിലോമീറ്റർ വേഗത്തിലെത്താൻ വെറും 3.8 സെക്കൻഡ് മാത്രം മതി. പരമാവധി വേഗം മണിക്കൂറിൽ 250 കിലോമീറ്ററായി നിയന്ത്രിച്ചിട്ടുണ്ടെങ്കിലും എഎംജി ഡ്രൈവേഴ്സ് പാക്കേജിലൂടെ 280 കിലോമീറ്റർ വരെ വർധിപ്പിക്കാനും സാധിക്കും.

28.6 കിലോവാട്ട് ശേഷിയുള്ള ബാറ്ററി ഉപയോഗിച്ച് മണിക്കൂറിൽ 140 കിലോമീറ്റർ വരെ വേഗത്തിൽ പൂർണമായും വൈദ്യുതിയിലും സഞ്ചരിക്കാനാകും. ഡബ്ല്യു.എൽ.ടി.പി. മാനദണ്ഡപ്രകാരം ഒറ്റ ചാർജിൽ 100 കിലോമീറ്റർ വരെ വൈദ്യുതി മാത്രം ഉപയോഗിച്ച് വാഹനം സഞ്ചരിക്കും. 11 കിലോവാട്ട് എ.സി. ഓൺബോർഡ് ചാർജർ വാഹനത്തിനൊപ്പം സ്റ്റാൻഡേർഡായി ലഭിക്കും. എഎംജി റൈഡ് കൺട്രോൾ സസ്പെൻഷനും ഓൾവീൽ ഡ്രൈവ് സംവിധാനമായ എഎംജി പെർഫോമൻസ് 4മാറ്റിക്+, ആക്റ്റീവ് റിയർആക്സിൽ സ്റ്റിയറിംഗ് എന്നിവ വാഹനത്തിന്റെ പ്രധാന സവിശേഷതകളാണ്. റീജെൻ ബ്രേക്കിങ്ങും വിവിധ ഡ്രൈവിംഗ് മോഡുകളും വാഹനത്തിലുണ്ട്.

എഎംജി സ്പോർട്സ് സീറ്റുകളാണ് വാഹനത്തിനുള്ളത്. കൂടാതെ എം.ബി.യു.എക്സ്. ഇൻഫോടെയ്ൻമെന്റ് സംവിധാനം, ബർമെസ്റ്റർ 4ഡി സറൗണ്ട് സൗണ്ട്, ഡോൾബി അറ്റ്മോസ് ഓഡിയോ, പിൻഭാഗത്തെ ഇലക്ട്രിക് സൺബ്ലൈൻഡ് ഉൾപ്പെടെ നിരവധി പ്രീമിയം സൗകര്യങ്ങളും വാഹനത്തിലുണ്ട്.

മെഴ്സിഡസ് എഎംജി ഇ 53 ഹൈബ്രിഡ് 4മാറ്റിക്+ പെർഫോമൻസ് എഡിഷന് 1.45 കോടി രൂപയും റേസിംഗ് എഡിഷന് 1.48 കോടി രൂപയുമാണ് എക്സ്ഷോറൂം വില. രാജ്യത്തെ മെഴ്സിഡസ് ബെൻസിന്റെ മുഴുവൻ ഡീലർഷിപ്പുകളിലും ബുക്കിംഗ് ആരംഭിച്ചിട്ടുണ്ടെന്നും വാഹനങ്ങളുടെ വിതരണം ഉടൻ ആരംഭിക്കുമെന്നും കമ്പനി അറിയിച്ചു.



# ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങളൊരുക്കാൻ ഡിജിലോക്കർ യുഎഇ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കും

**കൊച്ചി:** ഇന്ത്യയും യുഎഇയും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കിക്കൊണ്ട്, ഇന്ത്യയുടെ ഡിജിലോക്കർ യുഎഇ പ്ലാറ്റ്ഫോമുമായി സംയോജിപ്പിക്കാൻ തീരുമാനം. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യയുഎഇ സംയുക്ത കോൺസുലർകാര്യ സമിതിയുടെ (ജെസിസിഎ) ഏഴാമത് ഉന്നതതല യോഗത്തിലാണ് ഈ പ്രഖ്യാപനമുണ്ടായത്.

വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി ശ്രീപ്രിയ രംഗനാഥനും യുഎഇ വിദേശകാര്യ മന്ത്രാലയത്തിലെ അണ്ടർസെക്രട്ടറി എച്ച്.ഇ. ഒമർ ഒബൈദ് മുഹമ്മദ് അൽഹസൻ അൽഷംസിയും യോഗത്തിൽ പങ്കെടുത്തു.

ഗൾഫ് മേഖലയിലെ ഇന്ത്യൻ പ്രൊഫഷണലുകൾക്കും യുവാക്കൾക്കും തൊഴിൽവിദ്യാഭ്യാസ രംഗത്ത് വലിയ അവസരങ്ങൾ തുറന്നുനൽകുന്നതാണ് ഈ പുതിയ നീക്കം.

ഡിജിലോക്കർ യുഎഇ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്നതിലൂടെ ഇന്ത്യൻ അക്കാദമിക് ബിരുദങ്ങളും മറ്റ് പ്രധാന രേഖകളും ഡിജിറ്റലായി പരിശോധിക്കാൻ സാധിക്കും. ഇതുവഴി യുഎഇയിൽ തൊഴിൽ തേടുന്ന ഇന്ത്യൻ യുവാക്കൾക്ക് സർട്ടിഫിക്കറ്റുകളുടെ ഭൗതിക പരിശോധനയ്ക്കുള്ള സങ്കീർണമായ നടപടിക്രമങ്ങൾ പൂർണ്ണമായും ഒഴിവാക്കാം. തൊഴിൽ ലഭ്യതയും കരിയർ പുരോഗതിയും കൂടുതൽ വേഗത്തിലും സുഗമമായും സാധ്യമാക്കാൻ ഈ ഡിജിറ്റൽ സംവിധാനം സഹായിക്കും.

യുഎഇയിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ഇന്ത്യൻ തൊഴിലാളികളുടെയും പ്രൊഫഷണലുകളുടെയും ക്ഷേമം ഉറപ്പാക്കുന്നതിൽ ഈ തീരുമാനം നിർണായക നാഴികക്കല്ലാകും. ഇന്ത്യൻ മനുഷ്യവിഭവശേഷിയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനൊപ്പം, ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരവ്യവസായ, വിദ്യാഭ്യാസ സഹകരണത്തിന് പുതിയ ഉണർവ് നൽകാൻ ഈ സംരംഭത്തിന് സാധിക്കുമെന്നാണ് വിദേശകാര്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ.

# വിദ്യാർഥികൾക്കായുള്ള ഏഴാമത്തെ എഐ റോബോട്ടിക്സ് ലാബ് വർക്കലയിൽ

**തിരുവനന്തപുരം:** വിദ്യാർഥികൾക്കായി വിദ്യാർഥികളുടെ നേതൃത്വത്തിലും ധനസഹായത്തിലും തയ്യാറാക്കിയ റോബോട്ടിക്സ് എഐ ലാബ് പ്രവർത്തനസജ്ജം. വർക്കല ചെറുന്നിയൂർ മാർത്തോമ സെൻട്രൽ സ്കൂളിലാണ് അത്യാധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സ്ഥാപിച്ചിട്ടുള്ളത്. യുഎഇയിൽ നിന്നുള്ള ഒരു കൂട്ടം ഹൈസ്കൂൾ വിദ്യാർഥികളാണ് ആശയത്തിനു പിന്നിൽ.

പൂർണമായും വിദ്യാർഥികൾ നിർമ്മിച്ചതും വിദ്യാർഥികൾക്ക് വേണ്ടിയുള്ളതുമായ റോബോട്ടിക്സ് എഐ ആൻഡ് ഇന്നൊവേഷൻ ലാബ് (ആർഎഐഎൽ) ഇന്ത്യയിലെ പിന്നാക്ക മേഖലകളിലുള്ള സ്കൂളുകളിലാണ് ലഭ്യമാക്കുന്നത്. ഈ പരിപാടിയിൽ ഉൾപ്പെടുത്തി രാജ്യത്ത് നിർമ്മിക്കുന്ന ഏഴാമത്തെ റോബോട്ടിക്സ് എഐ ലാബാണ് വർക്കലയിലേത്.

ആർഎഐഎൽ പ്രോജക്റ്റ് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ റോബോട്ടിക്സ്, എ.ഐ പരിശീലന സ്ഥാപനമായ യുണീക്ക് വേൾഡ് റോബോട്ടിക്സിന്റെ ഒരു സംരംഭമാണ്. കുട്ടികളിൽ റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ഭാവി സാങ്കേതിക കഴിവുകൾ വളർത്തിയെടുക്കുകയാണ് ഈ സ്ഥാപനം ലക്ഷ്യമിടുന്നത്.

യുണീക്ക് വേൾഡ് റോബോട്ടിക്സിന്റെ സഹായത്തോടെ യുഎഇയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികളുടെ കൂട്ടായ്മയാണ് ലാബ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും നേതൃത്വം നൽകുന്നത്. 2022ൽ ചെറുന്നിയൂർ മാർത്തോമ സ്കൂളിൽ ഇവർ സ്ഥാപിച്ച ആദ്യത്തെ ലാബ് നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പൂർണമായും നവീകരിച്ചാണ് വീണ്ടും തുറന്നത്.

നിർമിത ബുദ്ധിയുടെ സാധ്യതകൾ പ്രൈമറി തലം മുതൽ വിദ്യാർഥികളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂളുകളിൽ ലാബ് സ്ഥാപിക്കുന്നതെന്ന് യുണീക്ക് വേൾഡ് റോബോട്ടിക്സ് ഫൗണ്ടറും സിഇഒയുമായ ബൻസൻ തോമസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.പറഞ്ഞു. റോബോട്ടിക്സ് എഐ ലാബ് രൂപകൽപ്പന ചെയ്യാനും പഠിപ്പിക്കാനും ഉൾപ്രദേശത്തെ സ്കൂളുകൾ തെരഞ്ഞെടുക്കാമെന്നാണ് തീരുമാനിച്ചത്. വിദ്യാർഥികൾ നേരിട്ട് മറ്റ് വിദ്യാർഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന ഈ ആശയത്തിന് ഇന്ത്യയിൽ മുൻമാതൃകകളില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് പരിശീലനം നൽകുന്നത്. കൂടുതൽ നൂതനമായ കിറ്റുകളും പുതുക്കിയ അടിസ്ഥാന സൗകര്യങ്ങളുമായി പൂർണമായി നവീകരിച്ച ലാബ് ആണ് ഇതിനായി ഒരുക്കിയിട്ടുള്ളത്.

നിഖിലേഷ് കക്കർ (ദുബായ് ഇന്റർനാഷണൽ അക്കാദമി, അൽ ബർഷ), ശൗര്യ ചൗധരി (ജുമൈറ കോളേജ്), ആദിത്യ ആനന്ദ് (ജെംസ് ന്യൂ മില്ലേനിയം സ്കൂൾ, അൽ ഖൈൽ), കൃതിൻ സത്യ (ദുബായ് കോളേജ്), ആർണവ് ഭാർഗവ (ജെംസ് മോഡേൺ അക്കാദമി), മുഹമ്മദ് മിഫ്സൽ മഹറൂഫ് (ജെംസ് ന്യൂ മില്ലേനിയം സ്കൂൾ), ചാനുക്യ ടെകേതി (പേൾ വിസ്ഡം സ്കൂൾ), ശ്യോൺ സേബിൾ (ദുബായ് ഇന്റർനാഷണൽ അക്കാദമി എമിറേറ്റ്സ് ഹിൽസ്), പ്രണവ് പ്രവീൺ നായർ (ഡൽഹി പ്രൈവറ്റ് സ്കൂൾ, ദുബായ്), സന കൗശിക് (പ്രിസ്റ്റൈൻ പ്രൈവറ്റ് സ്കൂൾ, ദുബായ്) എന്നീ വിദ്യാർഥികളാണ് പരിശീലക സംഘത്തിലുള്ളത്.

ചെറുന്നിയൂരിൽ ആദ്യ ലാബ് സ്ഥാപിച്ചതിന് ശേഷം നാല് വർഷത്തിനിടയിൽ ഇന്ത്യയിൽ മറ്റ് പല സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെറുന്നിയൂരിലേതും കണ്ണൂർ മാലൂരിലെ പനമ്പറ്റ ന്യൂ യുപി സ്കൂളിലേതും ഉൾപ്പെടെ ഈ സംരംഭത്തിന് കീഴിൽ രാജ്യത്തുടനീളം പൂർത്തിയായ ഏഴ് ആർഎഐഎൽ ലാബുകളാണുള്ളത്.

റോബോട്ടിക്സ്, എഐ വിദ്യാഭ്യാസം എന്നിവയുടെ ലഭ്യത സ്കൂളിന്റെ സ്ഥലം, സാമ്പത്തികസ്ഥിതി, പ്രചാരം എന്നിവയെ ആശ്രയിച്ച് മാത്രമായിരിക്കരുതെന്ന് യുഎഇയിൽ നിന്നുള്ള വിദ്യാർഥികൾ പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ സ്ഥലങ്ങളിലെ വിടവ് നികത്താൻ വിദ്യാർഥികളിലൂടെയും സാധിക്കുമെന്ന് ഈ പരിപാടി തെളിയിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

നിർമിത ബുദ്ധി, റോബോട്ടിക്സ്, ഓട്ടോമേഷൻ എന്നീ അത്യാധുനിക സാങ്കേതികവിദ്യകളിൽ പ്രായോഗിക പരിശീലനവും ഗവേഷണവും നൽകാനായി രൂപകൽപ്പന ചെയ്തിട്ടുള്ള നൂതന പഠനകേന്ദ്രങ്ങളാണ് എഐ റോബോട്ടിക്സ് എഐ ആൻഡ് ഇന്നൊവേഷൻ ലാബുകൾ. വിദ്യാർഥികൾക്കും ഗവേഷകർക്കും സാങ്കേതിക വിദ്യകൾ എളുപ്പത്തിൽ മനസ്സിലാക്കാനും പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും ഇത്തരം ലാബുകൾ സഹായിക്കും.

# എസ്ബിഐ കാർഡിന്റെ ലാഭത്തിൽ 20% വർധന

**ന്യൂദൽഹി:** പ്രമുഖ ക്രെഡിറ്റ് കാർഡ് വിതരണ കമ്പനിയായ എസ്ബിഐ കാർഡ് ആൻഡ് പേയ്മെന്റ് സർവീസസ് ലിമിറ്റഡ് 202627 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ 664 കോടി രൂപ അറ്റാദായം നേടി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിലെ 556 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 20 ശതമാനം വർധനയാണ്. കമ്പനിയുടെ മൊത്തം വരുമാനം 3 ശതമാനം ഉയർന്ന് 5,205 കോടി രൂപയിലെത്തി. മുൻവർഷം ഇത് 5,035 കോടി രൂപയായിരുന്നു.

ഒന്നാം പാദത്തിൽ എസ്ബിഐ കാർഡിലൂടെ നടത്തിയ മൊത്തം ചെലവഴിക്കൽ 27 ശതമാനം വർധിച്ച് 1.18 ലക്ഷം കോടി രൂപ കവിഞ്ഞു. കമ്പനിയുടെ സജീവ കാർഡുകളുടെ എണ്ണം 7 ശതമാനം വർധിച്ച് 2.26 കോടിയിലെത്തി. അതേസമയം, മൊത്തം കിട്ടാക്കടത്തിന്റെ നിരക്ക് കഴിഞ്ഞ വർഷത്തെ 3.07 ശതമാനത്തിൽ നിന്ന് 2.04 ശതമാനമായി കുറഞ്ഞു. ഉപഭോക്താക്കളുടെ കാർഡ് ഉപയോഗം ഗണ്യമായി വർധിച്ചതും കിട്ടാക്കടം നിയന്ത്രണത്തിലാക്കിയതുമാണ് ആദ്യ പാദത്തിൽ കമ്പനിയുടെ മികച്ച സാമ്പത്തിക പ്രകടനത്തിന് പ്രധാന കരുത്തായത്.

# ഐക്യൂ ഇസഡ്11 ലൈറ്റ് 5ജി ഇന്ത്യയിൽ അവതരിപ്പിച്ചു

**ന്യൂഡൽഹി:** വിദ്യാർഥികളെ ലക്ഷ്യമിട്ട് ഐക്യൂ ഇസഡ്11 ലൈറ്റ് 5ജി സ്മാർട്ട്ഫോൺ ഇന്ത്യയിൽ അവതരിപ്പിച്ചു. 120 ഹെർട്സ് റിഫ്രഷ് റേറ്റും 1200 നിറ്റ്സ് വരെ തെളിച്ചവും നൽകുന്ന 6.74 ഇഞ്ച് ഡിസ്പ്ലേ, മീഡിയടെക് ഡൈമെൻസിറ്റി 6300 പ്രോസസർ, 6500 എംഎഎച്ച് ബാറ്ററി, 44 വാട്ട് ഫ്ലാഷ് ചാർജ് എന്നിവയാണ് പ്രധാന സവിശേഷതകൾ. എഐ ക്രിയേഷൻ, എഐ ക്യാപ്ഷൻസ്, എഐ ട്രാൻസ്ക്രിപ്റ്റ് അസിസ്റ്റ്, എഐ സ്ക്രീൻ വിവർത്തനം തുടങ്ങിയ കൃത്രിമ ബുദ്ധി അധിഷ്ഠിത സംവിധാനങ്ങളും ഫോണിലുണ്ട്. 50 മെഗാപിക്സൽ സോണി പ്രധാന ക്യാമറയും ഐപി65 നിലവാരത്തിലുള്ള പൊടിയും വെള്ളവും പ്രതിരോധിക്കുന്ന സംരക്ഷണവും നൽകിയിട്ടുണ്ട്. 17,999 രൂപ മുതൽ വില ആരംഭിക്കുന്ന ഫോൺ ജൂലൈ 30 മുതൽ ഐക്യൂ ഓൺലൈൻ സ്റ്റോർ, ആമസോൺ, വിവോ എക്സ്ക്ലൂസീവ് സ്റ്റോറുകൾ, തിരഞ്ഞെടുത്ത റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ലഭ്യമാകും.

# ഡാൽമിയ ഭാരതിന് 7% വരുമാന വളർച്ച; സിമന്റ് ഉൽപ്പാദനശേഷി 54.7 ദശലക്ഷം ടണ്ണായി

**ന്യൂദൽഹി:** ഡാൽമിയ ഭാരത് ലിമിറ്റഡ് 202627 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ പ്രവർത്തന വരുമാനത്തിൽ 7 ശതമാനം വളർച്ചയോടെ 3,890 കോടി രൂപ നേടി. സിമന്റ് വിൽപ്പന അളവ് 9 ശതമാനം ഉയർന്ന് 7.6 ദശലക്ഷം ടണ്ണിലെത്തി. മധ്യേന്ത്യയിലെ 5.2 ദശലക്ഷം ടൺ വാർഷിക ഉൽപ്പാദന ശേഷിയുള്ള സിമന്റ് ആസ്തികൾ ഏറ്റെടുത്തതോടെ കമ്പനിയുടെ ആകെ ഉൽപ്പാദനശേഷി 54.7 ദശലക്ഷം ടണ്ണായി ഉയർന്നു.

പാദത്തിൽ കമ്പനിയുടെ ഇബിഐടിഡിഎ 805 കോടി രൂപയും, ടണ്ണിന് ഇബിഐടിഡിഎ 1,055 രൂപയും ആയിരുന്നു. ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെലവുകൾ മൂലം നികുതിക്ക് ശേഷമുള്ള ലാഭം (പിഎടി)

192 കോടി രൂപയായി. ജയപ്രകാശ് അസോസിയേറ്റ്സിന്റെ സിമന്റ് ആസ്തികൾ ഏറ്റെടുത്തതിന്റെ ഭാഗമായി ചുനാർ ഗ്രൈൻഡിംഗ് യൂണിറ്റിൽ വാണിജ്യ ഉൽപ്പാദനം ആരംഭിക്കുകയും റേവ ക്ലിങ്കർ യൂണിറ്റിൽ ട്രയൽ റൺ തുടങ്ങുകയും ചെയ്തതായി കമ്പനി അറിയിച്ചു.